സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 100 മീറ്റർ, 200 മീറ്റർ ഓട്ടം 4X400 മീറ്റർ റിലേ എന്നീ ഇനങ്ങളിൽ ഒന്നാം സമ്മാനവും 400 മീറ്റർ ഓട്ടത്തിന് രണ്ടാം സ്ഥാനവും നേടുകയുണ്ടായി. ഈ വകയിൽ 90,000 രൂപയുടെ ക്യാഷ് അവാർഡിന് അവർ അർഹയാണ്. ഈ തുക വെള്ളിയാഴ്ച വൈകുന്നേരം അതായത് 25.6.1999-ന് കേരള സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വി.ജെ.ടി. ഹാളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽവച്ച് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി വിതരണം ചെയ്യുന്നതാണ്. അതിന്റെ നടപടികൾ പൂർത്തിയായി കഴിഞ്ഞു.

മി. സ്പീക്കർ : അതിൽ ശ്രീമതി പി.ടി. ഉഷ ഉണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഉണ്ട്, 90,000 രൂപയുടെ അവാർഡ് അവർക്ക് കൊടുക്കുന്നുണ്ട്.

മി. സ്പീക്കർ : അത് പരിഹരിച്ചിരിക്കുന്നു.

ശ്രീ. എ.സി. ഷൺമുഖദാസ് : ഇനിയും ഒരു പ്രശ്നമുണ്ട്, അത് ശ്രീ. ബാലൻ വൈദ്യർ ഉന്നയിച്ച വേറൊരു പ്രശ്നമാണ്. 1997-98 വർഷത്തിൽ അന്തർദേശീയ മത്സരങ്ങളിൽ വിജയികളായവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും നാളിതുവരെ ബന്ധപ്പെട്ട അസോസിയേഷൻ അപേക്ഷ നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷ കേരള സ്പോർട്സ് അസോസിയേഷനുകൾ കേരള സ്പോർട്സ് കൗൺസിലിന്റെ ഇൻവിറ്റേഷൻ അനുസരിച്ച് സമർപ്പിച്ചിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥപ്രകാരം ഒരപേക്ഷയും ഇതുവരെ ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അസോസിയേഷനുകൾ തമ്മിൽ തർക്കമുണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കാനും അവാർഡ് തുക അർഹതപ്പെട്ടവർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാം.

മി. സ്പീക്കർ : തർക്കത്തിന്റെ പേരിൽ അവർക്ക് തുക ലഭിക്കാതിരിക്കരുത്.

(4) തിരുവനന്തപുരം മെഡിക്കൽകോളേജിൽ ഒഴിവുള്ള ടീച്ചിംഗ്/ക്ലിനിക്കൽ തസ്തികകൾ നികത്തുകയും ക്ലേശങ്ങൾ പരിഹരിക്കുകയും ചെയ്യണമെന്ന ആവശ്യം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കേരളത്തിലെ തിരുവനന്തപുരം അടക്കമുള്ള മെഡിക്കൽകോളേജുകളിൽ ഡോക്ടർമാരുടെ പ്രൊമോഷൻ ഏറെക്കുറെ തടസ്സപ്പെട്ടിരിക്കുകയാണ്. ഇതിനു കാരണം ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി യഥാസമയം കൂടി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാത്തതാണ് ഡി.പി.സി. കൂടാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞുവെന്ന് കേൾക്കുന്നുണ്ട്. എന്നാലും പ്രൊമോഷനുകൾക്ക് വളരെ കാലതാമസം ഇതു മൂലം നേരിടുന്നു. ഇനി മാസങ്ങൾ കൊണ്ടുമാത്രമേ ഡി.പി.സി.കൾ കൂടി കഴിയുകയുള്ളൂ. 20 വർഷമായി ഡി.പി.സി. കൂടാത്ത ഡിപ്പാർട്ടുമെന്റുകൾ പോലുമുണ്ടെന്ന് നാം മനസ്സിലാക്കണം. ഈ ഡി.പി.സി.കൾ കൂടി അവയുടെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കാൻ അനവധി മാസങ്ങൾ ഇനിയും വേണ്ടിവരും. ഡി.പി.സി. ലിസ്റ്റിൽമേലുള്ള പരാതികളും തെറ്റുകളും പരിഹരിക്കാൻ വീണ്ടും അനവധി മാസങ്ങൾ കഴിയണം. ഡി.പി.സി ലിസ്റ്റിന്മേലുള്ള കേസുകളിൽ തീർപ്പുകല്പിച്ച് കിട്ടാൻ പിന്നെയും കാലതാമസം നേരിടും.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും അധികം ഡി.പി.സികൾ വേണ്ടിവരുന്ന വിഭാഗം മെഡിക്കൽ വിദ്യാഭ്യാസവകുപ്പാണ്. ഈ കാരണങ്ങളാൽ മെഡിക്കൽകോളേജുകളിലെ പ്രൊമോഷനുകൾ മാസങ്ങളോളം അല്ലെങ്കിൽ വർഷങ്ങളോളം തന്നെ താമസിച്ചേയ്ക്കും. ഇപ്പോൾ തന്നെ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ 220 തസ്തികകൾ പ്രൊമോഷനുവേണ്ടി കാത്തുകിടക്കുകയാണ്. പ്രൊഫസർ പോസ്റ്റിലേയ്ക്ക് 47-ഉം അസോസിയേറ്റ് പ്രൊഫസർ പോസ്റ്റിലേയ്ക്ക് 81-ഉം അസിസ്റ്റന്റ് പ്രൊഫസർ പോസ്റ്റിലേയ്ക്ക് 91-ഉം ഒഴിവുകളുണ്ട്. കേരളത്തിലെ എല്ലാ മെഡിക്കൽകോളേജുകളിലേയും കാര്യമാണ് ഞാൻ പറയുന്നത്. ഡി.പി.സി. ലിസ്റ്റ് നിലവിൽ ഇല്ലാത്തതാണ് ഈ പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കാൻ കാരണം. ഇത് സാധാരണക്കാരായിട്ടുള്ള രോഗികൾക്ക് ലഭിക്കുന്ന ചികിത്സയിൽ ഗണ്യമായ പോരായ്മ അനുഭവപ്പെടാൻ ഇടയാക്കും. 24 മണിക്കൂർ പ്രവർത്തിക്കേണ്ട അത്യാഹിത വിഭാഗങ്ങൾക്കും അടിയന്തിര ചികിത്സയും മറ്റും നൽകുന്ന വിഭാഗങ്ങൾക്കും ഇതുമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ജനറൽ മെഡിസിൻ, ജനറൽ സർജറി, പീടിയാട്രിക്സ്, ഗൈനക്കോളജി ഈ വിഭാഗങ്ങളിലൊക്കെയാണ് ഇത് വല്ലാതെ ബാധിച്ചിരിക്കുന്നത്. സമയത്ത് പ്രൊമോഷൻ ലഭിക്കാത്തതിനാൽ ഉദ്യോഗസ്ഥരുടെ മനോവീര്യത്തിനും കുറച്ച് കുറവ് വന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഡി.പി.സി. ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രൊമോഷൻ നൽകുകയുള്ളു എന്നുള്ള നിബന്ധന താൽക്കാലികമായിട്ടാണെങ്കിലും അത്യാവശ്യം വേണ്ട വിഭാഗങ്ങളിൽ പിൻവലിക്കണം. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രൊമോഷൻ തസ്തികകൾ നികത്താനുള്ള നടപടിയുണ്ടാകണം. കേരള സർവ്വീസസ് റൂൾസിലെ റൂൾ 31(എ) (1) ഡി.പി.സി. കൂടാതെ താൽക്കാലിക പ്രൊമോഷൻ നടത്താൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് സ്റ്റേറ്റ്യൂട്ടറി ഓർഡറാണ്. ഇപ്പോൾ ആ സ്റ്റാറ്റ്യൂട്ടറി ഓർഡറിനുമേൽ ഒരു എക്സിക്യൂട്ടീവ് ഓർഡർ പ്രകാരമാണ് പ്രൊമോഷൻ നടത്തിയിരിക്കുന്നത്. അതുകൊണ്ട് ഇത് അവസാനിപ്പിച്ച് ആവശ്യമായ നടപടി സ്വീകരിച്ചില്ലെങ്കിൽ മെഡിക്കൽ കോളേജുകളുടെ സ്ഥിതി പരിതാപകരമാകുമെന്നു ഓർക്കേണ്ടതുണ്ട്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഡോക്ടർമാരുടെ ഒഴിവുകൾ നികത്തപ്പെടാത്തതുമൂലം തിരുവനന്തപുരം മെഡിക്കൽകോളേജിലെ പ്രവർത്തനം അവതാളത്തിലാണെന്നുള്ള ഒരു നോട്ടീസാണ് എനിക്ക് ലഭിച്ചത്. ആ നോട്ടീസിന്റെ അടിസ്ഥാനത്തിൽ വിശദീകരണം തേടുകയുണ്ടായി. തിരുവനന്തപുരം മെഡിക്കൽകോളേജിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തുടങ്ങിയിട്ടുള്ള തസ്തികകൾ ഏകദേശം 623 ആണ്. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് ഡോക്ടർമാരുടെ ഒഴിവുകളിൽ നിയമനം നടത്തുന്നുണ്ട്. പി.എസ്.സി ലിസ്റ്റിന്റെ അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും നിയമനം നടത്തിവരുകയാണ്. ലക്ചറർമാരുടെ പന്ത്രണ്ട് ഒഴിവുകളേ തിരുവനന്തപുരത്ത് ഇപ്പോൾ ബാക്കിയുള്ളൂ. അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അതുപോലെ കരാർ വ്യവസ്ഥയിലും നിയമിക്കുന്നതിന് നോട്ടിഫൈ ചെയ്തു കഴിഞ്ഞതാണ്. എന്നാൽ ഇപ്പോഴുള്ള പ്രശ്നം, ഗവൺമെന്റ് ഒരു വകുപ്പിലും താൽക്കാലിക പ്രൊമോഷൻ ഇപ്പോൾ അനുവദിക്കുന്നില്ല, ഇത് ജനറലായി ഉണ്ടായ ഒരു ഓർഡറാണ്. ആരോഗ്യവകുപ്പിൽ മാത്രമല്ല ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കൗൺസിൽ അംഗീകരിച്ച ലിസ്റ്റിൽ നിന്നും മാത്രമേ റെഗുലർ പ്രൊമോഷൻ നൽകി

LIBRARY ARCHIVES Kerala Legislative Assembly

ഉയർന്ന തസ്തികകളിൽ നിയമിക്കാൻ കഴിയുകയുള്ളൂ. മെഡിക്കൽകോളേജുകളിലെ വിവിധ കാറ്റഗറികളിലായി 157 തസ്തികകളിൽ നിയമനം നടത്തുന്നതിന് ഡി.പി.സി. കൂടി ലിസ്റ്റ് തയ്യാറാക്കണം. ഇതിൽ കഴിഞ്ഞ അഞ്ചാറ് മാസക്കാലം ശ്രമിച്ചതിന്റെ ഫലമായി ഡി.പി.സി. കൂടി 120 തസ്തികകളിൽ നിയമനം നടത്തുന്നതിന് ലിസ്റ്റ് തയ്യാറാക്കി അംഗീകരിച്ചു കഴിഞ്ഞു. പി.എസ്.സി. മെമ്പറും, വകുപ്പു സെക്രട്ടറിയും, വകുപ്പ് അദ്ധ്യക്ഷന്മാരും ഒക്കെ അടങ്ങുന്ന കമ്മിറ്റിയാണ്. ഈ കമ്മിറ്റി അംഗീകരിച്ച പ്രകാരം പല വിഭാഗങ്ങൾക്കും പ്രൊമോഷൻ നൽകിക്കഴിഞ്ഞു. ഏതാനും കാറ്റഗറികളിൽകൂടി ലിസ്റ്റ് അംഗീകരിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതോടൊപ്പം ഉയർന്ന തസ്തികകൾ എല്ലാം നികത്താനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഇത് ഗവൺമെന്റ് മൊത്തത്തിൽ ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. ആരോഗ്യവകുപ്പിന്റെ നിർദ്ദേശം അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചു കഴിഞ്ഞുവെന്നാണ് ഞാൻ അറിഞ്ഞത്.

മി. സ്പീക്കർ : സ്റ്റാറ്റ്യൂട്ടറിയായിട്ട് ടെമ്പററി പ്രൊമോഷൻ കൊടുക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഇത് മൊത്തത്തിൽ ഇറക്കിയ ഓർഡർ ആണ്. ആ ഫയലുകൾ എന്റെ കൈവശം ഇല്ലാത്തതുകൊണ്ട് എനിക്ക് ഇപ്പോൾ മറുപടി പറയാൻ പറ്റുകയില്ല.

മി. സ്പീക്കർ : അങ്ങയുടെ മെഡിക്കൽ കോളേജിന്റെ കാര്യം ഉണ്ടല്ലോ.

ശ്രീ. എ.സി. ഷൺമുഖദാസ് : ജനറലായി ഇറക്കിയിട്ടുള്ള ഓർഡർ ആണ്. എല്ലാ ഡിപ്പാർട്ടുമെന്റിനും ഇത് ബാധകമാണ്.

മി. സ്പീക്കർ : അതിന്റെ പേരിൽ മെഡിക്കൽ കോളേജുകളിൽ പ്രൊമോഷൻ തടയപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഈ കാര്യം രണ്ടുതവണ ചൂണ്ടിക്കാണിച്ച് ഫയൽ അയച്ചതാണ്. കുറെ കൊല്ലങ്ങളായി ഡി.പി.സി. കൂടാറില്ല. പ്രൊവിഷണൽ പ്രൊമോഷൻ നടക്കുന്നു. കോടതികളിൽ കേസ്സാണ്. കേസ്സുകൾ തീർക്കാൻ കഴിയുന്നില്ല, നീണ്ടുപോകുന്നു.

മി. സ്പീക്കർ : അത് നിരുത്സാഹപ്പെടുത്തണം. ഈ സമീപനം ശരിയല്ല. അവിടെ അങ്ങനെയുണ്ടെങ്കിൽ സി.പി.സി. ലിസ്റ്റ് പബ്ലിഷ് ചെയ്താൽ അപ്പീൽ പെൻഡിംഗിലുണ്ട് എന്നുപറഞ്ഞുകൊണ്ട് പ്രൊമോഷൻ തടയപ്പെടേണ്ട കാര്യമില്ല. ഡി.പി.സി. ലിസ്റ്റ് പബ്ലിഷ് ചെയ്യാൻ പ്രൊമോഷൻ കൊടുക്കണ്ടേ? അപ്പീൽ ഉണ്ടെങ്കിൽ പ്രൊമോഷൻ റിവ്യൂ ചെയ്താൽ മതി.

ശ്രീ. എ.സി. ഷൺമുഖദാസ് : അത് ചെയ്തിട്ടുണ്ട്. ഡി.പി.സി. ലിസ്റ്റ് അംഗീകരിച്ച് അത് ചെയ്തിട്ടുണ്ട്. ചില ഡി.പി.സി. ലിസ്റ്റുകളുടെ കാര്യത്തിൽ സ്റ്റേ വന്നിരിക്കുന്നു എന്നുള്ളതാണ് വസ്തുത.

മി. സ്പീക്കർ : മറ്റൊരു ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽ ഞാൻ ഇടപെടുകയില്ല. പക്ഷെ ആശുപത്രികളിൽ, അത്യാഹിതവിഭാഗങ്ങളിൽ ഡോക്ടർമാർ ഇല്ലായെന്നു പറഞ്ഞാൽ ഡി.പി.സി. കൂടുന്നതു നോക്കിയിട്ടാണോ രോഗം വരുന്നത്? അതുകൊണ്ട് ഇക്കാര്യം ഗൗരവത്തിലെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly